## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

26.02.2018-ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.114

### പോലീസ് സേനാംഗങ്ങളിലെ അഴിമതിയും ക്രിമിനൽ സ്വഭാവവും

| | ചോദ്യം<br>ശ്രീ.യു.ആർ.പ്രദീപ് | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| എ) | സംസ്ഥാന പോലീസ് സേനയിൽ എത്രപേർ വിജിലൻസ് അന്വേഷണം നേരിടുന്നവരായിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ; | എ) | സംസ്ഥാന പോലീസ് സേനയിൽ 5 പോലീസ് ഉദ്യോഗസ്ഥർ വിജിലൻസ് അന്വേഷണം നേരിടുന്നുണ്ട്. |
| ബി) | എത്രപേർ ക്രിമിനൽ കേസുകളിൽ പ്രതിയായിട്ടുണ്ട്; ഇതിൽ ഐ.പി.എസ് കേഡറിൽപ്പെട്ട എത്ര പേരുണ്ട്; | ബി) | സംസ്ഥാനത്ത് നിലവിൽ ക്രിമിനൽ കേസിൽ പ്രതിയായിട്ടുള്ള 850 പോലീസ് ഉദ്യോഗസ്ഥരുണ്ട്. ഇതിൽ IPS കേഡറിൽപ്പെട്ട ഒരു ഉദ്യോഗസ്ഥനുണ്ട് |
| സി) | ഡി.വൈ.എസ്.പി, സി.ഐ, എസ്.ഐ, എ.എസ്.ഐ, സിവിൽ പോലീസ് ആഫീസർ തുടങ്ങിയ തസ്തികയിൽ കേസ്സുകളിൽപ്പെട്ടവരുടെ എണ്ണം പ്രത്യേകം വ്യക്തമാക്കാമോ; | സി) | DySP - 11<br>CI - 6<br>SI - 51<br>SI (Grade) - 12<br>ASI - 32<br>ASI (Grade) - 19<br>SCPO & SCPO (Grade) - 176<br>CPO - 542 |
| ഡി) | ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷ ഉറപ്പുവരുത്തേണ്ട പോലീസ് സേനാംഗങ്ങളിൽ അഴിമതിയും ക്രിമിനൽ സ്വഭാവവും ഇല്ലായ്മ ചെയ്യുന്നതിന് എന്തെല്ലാം കർശന നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നത്; ഇതുസംബന്ധിച്ച് വിശദാംശം വ്യക്തമാക്കാമോ? | ഡി) | പോലീസിൽ അഴിമതിയും ക്രിമിനൽ സ്വഭാവവും ഇല്ലായ്മ ചെയ്യുന്നതിനായി പോലീസ് ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകി വരുന്നതും, ഉദ്യോഗസ്ഥരുടെ പ്രവർത്തനത്തെ നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. കൂടാതെ പോലീസുകാർക്ക് വേണ്ടി ബോധവൽക്കരണ ക്ലാസുകളും കൗൺസിലിംഗ് തുടങ്ങിയവയും നടത്തിവരുന്നു. കുറ്റകൃത്യത്തിൽ ഉൾപ്പെട്ടാൽ അവർക്കെതിരെ ശക്തമായ ക്രിമിനൽ/വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതാണ്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ